**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1098** **06-02-2023 - ൽ മറുപടിയ്ക്ക്**

**പാലാ മണ്ഡലത്തിലെ മേലുകാവ് പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പാലാ മണ്ഡലത്തിൽ ഉൾപ്പെടുന്ന മേലുകാവ് പഞ്ചായത്തിലെ ജനങ്ങൾ കടുത്ത കുടിവെള്ള ക്ഷാമം നേരിടുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഈ പ്രദേശത്തെ ജനങ്ങളുടെ കുടിവെള്ള ക്ഷാമം പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (എ) | **പാലാ നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന മേലുകാവ് പഞ്ചായത്തിൽ നിലവിൽ ചെറുകിട ജലവിതരണ പദ്ധതികൾ ആണ് ഉള്ളത്. ജലക്ഷാമം രൂക്ഷമായ ഈ പഞ്ചായത്തിനെ ജൽ ജീവൻ മിഷനിൽ ഉൾപ്പെടുത്തി 13 പഞ്ചായത്തുകൾക്കായി മലങ്കര ഡാം സ്രോതസ്സായി പരിഗണിച്ച് സമഗ്ര ശുദ്ധജല പദ്ധതിയ്ക്ക് 28.10.2022 തീയതിയിലെ G.O. (Rt) No. 960/2022/WRD പ്രകാരം 1250.10 കോടിയുടെ ഭരണാനുമതി നൽകി. ഈ പദ്ധതിയ്ക്കായി മേലുകാവ് പഞ്ചായത്തിൽ 3568 ഗാർഹിക കണക്ഷനുകൾ നൽകുന്നതിലേയ്ക്കായി 75.12 കോടി രൂപയാണ് ലഭ്യമാക്കിയിട്ടുള്ളത്. ഈ പഞ്ചായത്തിലെ പദ്ധതിയ്ക്കായി ജലസംഭരണികൾ നിർമ്മിക്കുന്നതിനായി 9 സ്ഥലങ്ങളിൽ ഭൂമി ലഭ്യമാകാനുണ്ട്. ഭൂമി ലഭ്യമാക്കി നൽകുന്നതിന് പഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ ഭൂമി ലഭ്യമാകുന്നത് കണക്കാക്കിയാണ് പദ്ധതി രൂപകൽപന ചെയ്തിട്ടുള്ളത്. സാങ്കേതിക അനുമതി ലഭിക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടികൾ പുരോഗമിക്കുന്നു. ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിന് മുൻപായി ജലസംഭരണികൾ നിർമ്മിക്കുന്നതിനുള്ള ഭൂമി പഞ്ചായത്ത് ഏറ്റെടുത്ത് നൽകേണ്ടതുണ്ട്.**<br><br>**2024-ഓടു കൂടി ഈ പ്രവൃത്തി പൂർത്തീകരിച്ച് ഈ പഞ്ചായത്തിലെ എല്ലാ ഭവനങ്ങളിലും ശുദ്ധജലലഭ്യത ഉറപ്പ് വരുത്താനാവുമെന്ന് പ്രതീക്ഷിക്കുന്നു.** |

സെക്ഷൻ ഓഫീസർ